PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ശ്രീഹർഷൻ

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

ഗ്രന്ഥകർത്താ,

**കെ. ഗംഗാധരനുണ്ണി.**

പ്രസാധകർ,

SUVARNA BOOK DEPOT
KAYANCULAM

9544
E925

1-ാം പതിപ്പ കാപ്പി 500.

**Prited at The S. R. P. Press,**
KAYAMKULAM.

**1123.**

# ശ്രീഹർഷദേവൻ

ശ്രീകണ്ഠപുണ്യോല്ക്കരനക്കുമാരൻ
ഹർഷാഭിധൻ, രാജനികേതനത്തിൽ,
ഗവാക്ഷമൊന്നിന്നരികത്തു്, ശോക-
സംഭിന്നഹൃത്തായ് സ്ഥിതിചെയ്തിരുന്നു.

പ്രഭാവമോടുന്നതസാർവഭൗമ-
ലക്ഷ്മാവെഴുംതന്മുഖപങ്കജത്തിൽ
സന്തപ്തനിശ്ശ്വാസമരുത്തുവീശി-
ത്തെല്ലൊന്നുവൈവർണ്യമിയന്നിരുന്നു. 2

പ്രസന്നഗംഭീരവിലാസരശ്മി
തൂകുന്നൊരാരോചകനേത്രയുഗ്മം
പ്രജാഗരംകൊണ്ടൊട്ടൊളിയറ്റതാണു
ബാഷ്പാങ്കുരത്താൽനനവാർന്നിരുന്നു. 3

വാരാശിപോലങ്ങുഗഭീരമായും
വൻകാടുപോൽഭീകരമായുമെന്നാൽ
ദിവേന്ദുപോൽനിഷ്പ്രഭമായുമപ്പോൾ
ആഹന്ത തദ്ഭാവമിരുന്നിരുന്നു. 4

പ്രഭാതമാണപ്പൊഴുതെങ്കിലും ഹാ
ജഗത്തു നിശ്ചഞ്ചലമൂഢമൌനം
പ്രസാദമില്ലാതെ നിഗൂഢമേതോ
ചിന്തിച്ചുമേവുന്നതുപോലെകാണായ്! 5

പാടിപ്പറന്നില്ല പതത്രിവർഗ്ഗം
തുള്ളിക്കളിച്ചില്ലമൃഗങ്ങളെങ്ങും
തെല്ലുംചിരിച്ചില്ലലരാൽമരങ്ങ-
ളാടിക്കുഴഞ്ഞില്ല ലതാഗണങ്ങൾ. 6

പൊൽത്താമരപ്പൂമധുവാർന്നുകൊൾവാ-
നിന്ദിന്ദിരശ്രേണിമുതിർന്നതില്ല,
സരിത്തുണർന്നില്ല,സുഗന്ധമെങ്ങും
പരത്തുവാൻകാററുമൊരുങ്ങിയില്ല. 7

പുരന്ധ്രിമാരാലയചത്വരത്തെ
ശുദ്ധീകരിച്ചില്ല, തെളിഞ്ഞുമില്ല,
പുരത്തിലെല്ലാടവുമങ്ങുശോക-
സമ്മിശ്രമാംമട്ടുപകർന്നിരുന്നു. 8

തദാനിജാന്തഃസ്ഥിതമായ ശോക-
ഭാരത്തിനൊപ്പംനഗരത്തിലെങ്ങും
ദുഃഖത്തിനാൽമൂകതപൂണ്ടമട്ടു
വീക്ഷിച്ചിവണ്ണംനിനവാർന്നു ഫഷ്ൻ. 9

പിതാവുദേഹത്തെവെടിഞ്ഞുകഷ്ടം
ഈജീവലോകംബതമൂകമായി.
മനോരഥംഹന്തതകൎന്നു; വാത്സല്യം
വിഭൂതിയുംഹൎഷവുമസ്തമിച്ചു. 10

SHREE KRISHNA VILASOM GRANDHASALA
10M
MALAYINKIL

ജന്യത്തിലെധീരതപോയകന്നു,
സദ്വൃത്തമെല്ലാമപഥത്തിലാൎന്നു,
വിശ്വാസരംഗങ്ങൾകുറഞ്ഞു, മുററും
വിശേഷവിജ്ഞാനമകന്നുമാഞ്ഞു. 11

മഹീശ്വരശ്രീയുടജാങ്കണത്തെ
പ്രാപിച്ചുവാഴട്ടെ, ധരിത്രിതാനും,
ക്ഷൌമംധരിക്കട്ടെ,തപോവനത്തിൽ
തേജസ്സുസന്യാസമിയന്നിടട്ടെ. 12

വിശ്രാന്തിയദ്ദേവനെയാൎന്നിരുന്ന
കൃതജ്ഞതയ്ക്കെ,ങ്ങിനിയുംവിരിഞ്ചൻ
ഉദാരമാമപ്പരമാണുജാലം
മഹാത്മസൃഷ്ടിക്കെവിടുന്നൊടുക്കം? 13

സ്വപ്നത്തിലുംതാതമുഖാരവിന്ദ-
രോചിസ്സുഞാനെന്നുനുകൎന്നിടുന്നു?
തദീയബാഹായുഗമെന്നെമുററും
സ്നേഹംകലൎന്നെന്നുപുണൎന്നിടുന്നു? 14

പിതാവുചൊല്ലുന്നൊരുപുത്രനെന്നാ-
വാക്കിന്റെമാധുര്യമതൊന്നുവേറെ
ആവാക്കുകേൾക്കാനിനിയേതുനാട്ടിൽ
ചെല്ലേണ്ടുകഷ്ടം ഹതഭാഗ്യനീഞാൻ. 15

എൻതാതനങ്ങൂർദ്ധ്വഗലോകമെത്തു-
ന്നതിന്നുമുന്നേജനയിത്രിതാനും,
സരസ്വതീതീരമണഞ്ഞുദേഹം
ഹോമിച്ചുകാളുന്നഹുതാശനങ്കൽ. 16

വാത്സല്യമുക്താഫലധാമമാകും
പിതാക്കളില്ലായ്കിൽമനുഷ്യജന്മം,
സുധാകരശ്രീകലരാത്ത താര-
സങ്കീർണ്ണമാംയാമിനിപോലെന്തനം. 17

രാജ്യം മഹാരോഗ, മുദാരഭോഗ-
ജാലംഭുജംഗം, നിരയംസുഹർമ്മ്യം
ഹാ ബന്ധുസദ്ബന്ധന, മിങ്ങുജന്മം
ദുഷ്കർമ്മസന്താനഫലം നികൃഷ്ടം. 18

ആഹാരമോ ഹന്ത വിഷം, ശരീരം
ദ്രോഹം, വരൈശ്വര്യമനന്തശാപം
ഹൃദ്ഭേദനംകാമ്യമഹോദയം താ-
നേവംതദാജന്മനിരാശയാന്നു. 19

അനന്തരംഹൂണരെവെന്നുപോരാൻ
താതൻനിയോഗിച്ച നിജാര്യനേയും
കാണാഞ്ഞിരട്ടിച്ചൊരുശോകവേഗം
പൊറാഞ്ഞുമേവംബഹുധാ നിനച്ചാൻ. 20

എന്തോ, വരാൻകാലമതിക്രമിപ്പൂ;
രണത്തിലിജ്ജന്മമൊഴിഞ്ഞുപോയോ?
പിതാവുതൻവാർത്തയറിഞ്ഞു ഖേദാ-
ലാര്യൻസ്വയംവല്ക്കലമേററുപോയോ? 21

വൈരാഗ്യഭാവത്തൊടുകൂടിമൂററി-
ജ്ജനിക്കുമദ്ദുഃഖമിയന്നുകഷ്ടം
ഉപാഗമിക്കുന്നൊരു മുഗ്ദ്ധരാജ്യ-
ശ്രീയെസ്പൃഹാനിത്യതയാൽവെടിഞ്ഞോ? 22

പിതാക്കളോടുള്ളൊരുഭക്തിമൂല-
മവർക്കുപിമ്പേ മഹിതാദരത്താൽ
ധരാപതിശ്രീയൊടുവത്സനാകു-
മീയെന്നെയുംവിട്ടുഗമിച്ചതാണോ? 23

പോരുംവഴിക്കിപ്പുരിനീരവത്വം
കണ്ടിട്ടുവായ്ക്കുന്നാപരിഭ്രമത്താൽ
എന്നോ, വരാതീനഗരത്തിലെങ്ങാൻ
ശക്തിക്ഷയംപൂണ്ടുകിടക്കയാണോ? 24

ഈവണ്ണമോരോന്നകതാരിലോൎത്തും
സന്താപവാരിത്തിരയിൽപ്പിടഞ്ഞും,
ജ്യേഷ്ഠാഗതംനോക്കിയുമങ്ങുകാല-
മേറെപ്പണിപ്പെട്ടുനയിച്ചുപോന്നു. 25

അന്നേകദാ തൻദിനകൃത്യമെല്ലാം
വെടിഞ്ഞുചിന്താജഡനായിരിക്കെ,
ദൂരത്തുനിന്നുംബത മന്ദമന്ദം
വരുന്നതാമഗ്രജനെയങ്ങുകണ്ടാൻ. 26

നിസ്സൎഗ്ഗതേജോനിധിയാംകുമാരൻ
മെയ്യാകവേധൂളിപടൎന്നിരുണ്ടും
മൂകീഭവിച്ചുംക്രശിമാവിയന്നും
ധൂമപ്പടപ്പിൽശ്ശിഖിപോലിരുന്നാൻ. 27

ജവേനഹൎഷൻമണിമേടവിട്ടു
കാററത്തുപായുന്നകരീലപോലെ,
അസ്വസ്ഥനായെത്തി, തദഗ്രഭൂവിൽ
ശോകംശരീരത്തെയെടുത്തപോലെ. 28

പരസ്പരംദൃഷ്ടികൾവന്നിടഞ്ഞു
പിതാക്കൾതൻവത്സലഭാവമുള്ളിൽ
സ്ഫുടിച്ചുയൎന്നു; ഹൃദയംതുടിച്ചു
കണ്ഠോദരം ഹാ വിവശീഭവിച്ചു. 29

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU

ചിരായ ത്തുകാഞ്ഞുഘനീഭവിച്ചു
ദുഃഖക്കൊട്ടംകാർമുകിലഗ്രജാതൻ
ബാഹായുഗംനീട്ടിവിളംബമെന്യേ
കനിഷ്ഠനെഗ്ഗാഢതരംപുണർന്നാൻ. 30

മഹോജ്ജ്വലന്മാരവരങ്ങുദീർണ്ണ-
ശോകംസഹിക്കാഞ്ഞുവിമുക്തകണ്ഠം
കരഞ്ഞുകണ്ണീരുചൊരിഞ്ഞുമുററും
കല്പാന്തധാരാധരമെന്നപോലെ. 31

ക്രമേണതാനേനയനാംബുവർഷം
ശമിക്കിലുംരാജകുമാരകന്മാർ,
നീറുന്നമാലിത്തത്തൊടെരിഞ്ഞ വഹ്നി-
ശൈലത്തിനൊപ്പംനിലകൊണ്ടു; ശാന്തം! 32

അനന്തരംരാജസദസ്സിൽവച്ചു
നാനാവികാരക്ഷുഭിതൻ സഗർവ്വൻ,
ഭൂലക്ഷ്മിയിൽക്കൊണ്ടവിരക്തിമൂലം
ശ്രീഹർഷനോടിങ്ങനെയാവദിച്ചു:- 33

എൻ താത! ഹേ ഹർഷ! ഗുരൂപദേശ-
മുക്താഫലത്തിനൊരുഭാജനം നീ
ബാല്യത്തിലേ താതമനോരഥത്തെ
ഗ്രഹിച്ചുജീവിച്ചകുമാരനല്ലോ? 43

വിധേയനാംനിന്നൊടുഞാനിദാനീം
വിരക്തിമൂലംചിലതോതിടുന്നു;
ബാല്യാനുരോധപ്രതികൂലഭാവം
കാണിക്കൊലാ നീ ജഡനെന്നപോലെ. 35

നീലോകവൃത്തംഗ്രഹിയാത്തൊരാള-
ല്ലോൎമ്മിച്ചുനോക്കൂ പുരുകുത്സനേയും,
ശ്രീരാമനേയും; ജനകൻമരിച്ചു
ശോകത്തിലുംധൎമ്മമൊഴിഞ്ഞതുണ്ടോ? 36

ശോകാസ്പദം നാരികളാണുപാൎത്താൽ
ശോകാഹതൻ കാനരനെന്നുമെണ്ണാം
ഇവററരണ്ടാലൊരുജ്ജാതിതന്നി-
ലുൾപ്പെട്ടുഞാൻ താതവിയോഗഖിന്നൻ. 37

പ്രനഷ്ടമായ് പ്രജ്ഞ; മനസ്സെരിഞ്ഞു
കാളുന്നു; കഷ്ടം മതിമങ്ങിടുന്നു;
ത്വന്മൃത്യുവോൎത്തോൎത്തുകരഞ്ഞുകാലം
കഴിക്കുവാനില്ലഭിവാഞ്ഛയെല്ലും. 38

വാസസ്സിലെപ്പോലെ മദീയമാകും
ചേതസ്സിലെ സ്നേഹമലീമസത്തെ
ഉത്സത്തിലെത്തുംമണിനീരിലെററി-
ക്കളഞ്ഞിടാനാശ്രമമാൎന്നിടുന്നു. 39

വാൎദ്ധക്യചിഹ്നത്തെമുദാ; പിതാവു
കല്പിക്കയാൽപൂരുധരിച്ചുപോലെ
കൈയേല്ക്കുനീരാജപദത്തെ; ഞാനെൻ
കരാളശസ്ത്രത്തെവെടിഞ്ഞിടുന്നു. 40

എന്നിപ്രകാരംനിഗദിച്ചുകൊണ്ടു
വാൾക്കാരനോടക്കരവാളുവാങ്ങി,
ധരാതലത്തിൽ, തന്നശങ്കയെന്യേ,
വിരക്തനായ് ദൂരെവലിച്ചെറിഞ്ഞാൻ. 41

ഈവണ്ണമജ്യേഷ്ഠവച ക്രമത്തെ-
യാകൎണ്ണനംചെയ്തുകുമാരനപ്പോൾ
ക്രൂരമ്പുവന്നാഞ്ഞുപതിച്ചമട്ടി-
ലാവിദ്ധഹൃത്തായിതിചിന്തചെയ്തു. 42

എന്താണിതാൎയ്യന്റെവചസ്സിതേ മ-
ട്ടെന്നെപ്പരീക്ഷിക്കുകയോസമിഥ്യം?
ഇദ്ദേഹമെന്നഗ്രജനോ; ഹതൻഞാൻ
മറിച്ചുകാൎയ്യങ്ങൾധരിച്ചുപോയോ? 43

വിവക്ഷിതംമറെറാരുകാൎയ്യമാണോ?
വേറൊന്നുതൻനാവിലുദിച്ചതാണോ?
കുലത്തെയൊന്നാകെയൊടുക്കുവാനായ്
ദൈവംതുടങ്ങുന്നൊരുപായമാണോ? 44

മദീയസല്ക്കൎമ്മഫലക്ഷയത്തി-
നാരംഭമാംദുഷ്കൃതികാൎയ്യയാണോ?
എന്തോ? മഹാദുസ്തര രാജ്യഭാരം
കൈയേല്ക്കുവാനാജ്ഞതരുന്നിതാൎയ്യൻ. 45

അവഗ്രഹത്താലതിതപ്തമാകും
ധന്വാവിലത്തീമഴയെന്നപോലെ,
ഉത്പീഡശോകാകുലനായൊരെന്നി-
ലാൎയ്യാജ്ഞഹാ ദാഹനിദാനമായി. 46

രാജാധിരാജത്വമിയന്നതാതൻ
നാകസ്ഥനായ് തീൎന്നതിലൂഢതാപം
എൻപൂൎവ്വജൻസൎവ്വമൊഴിഞ്ഞുവല്ക്കം
ചാൎത്തീടവേ, നാടുഭരിക്കയോ ഞാൻ! 47

മൃദ്ഗോളമാംഭൂതലവും തദീയ
ഭോഗങ്ങളും ചെററുമെനിക്കുവേണ്ട,
ആൎയ്യാജ്ഞ ഞാനിന്നുവെടിഞ്ഞിടുന്നു
തപസ്സുതത്പാപമകററിടട്ടെ. 48

എന്നാററബോധംകലരുംമനസ്സാൽ
തപോവനത്തിങ്കലണഞ്ഞുകൊണ്ടു്
നമ്രാസ്യനായ്മൗനമിയന്നുഹൎഷൻ
നിന്നാൻ ശിലാവിഗ്രഹമെന്നപോലെ

അത്രാന്തരേ തത്ര യഥാജ്ഞമേക-
കാമ്മാന്തികൻവല്ക്കലമാനയിച്ചു;
രാജാംഗനാക്രന്ദരവങ്ങളപ്പോൾ-
പരന്നുദിക്കാകെനിറഞ്ഞുനിന്നു. 50

ഭൂമീസുരൗഘംനിജഹസ്തദണ്ഡ-
മുയത്തി"മാമേതി"വദിച്ചുഖേദാൽ;
കായ്യജ്ഞരാംപൗരജനങ്ങൾനീളെ-
സ്സബാഷ്പധാരംവിലപിച്ചുമുററും. 51

സാമന്തരെന്താംകഥമേലിലെന്നാ-
യീട്ടററതാപത്തൊടുനിന്നുചുററും,
അനക്ഷരംബാഷ്പകണങ്ങൾതൂകി,
"പോരുംപ്രഭോസാഹസ"മെന്നുരച്ചു. 52

ഈവണ്ണമാരംഭമഹോമഹത്താം
സ്നേഹാബ്ധിയിൽകോളുവളത്തിനില്ക്കേ,
പ്രകാമഖേദത്തൊടുതത്സചിവൻ
നിയോജ്യനേകൻ,ബതവന്നുരച്ചാൻ. 53

ധീരാഗ്ര്യനാംഭൂവരനന്തരിച്ചോ-
രുദന്തമെമ്പാടുമറിഞ്ഞനാളിൽ,
പുണ്യത്തൊടൊപ്പംഗ്രഹവമ്മജീവൻ
ഹരിച്ചുതേദ്ദുർമ്മതി മാളവേശൻ. 55

സ്വസാവിനെക്കൂടെ വിലങ്ങുവച്ചു
കാരാലയത്തിങ്കലടച്ചു നീചൻ.
ശ്രീകാന്യകുബ്ജത്തെയുമാക്രമിക്കാൻ
വരുന്നുപോലിങ്ങിനിയക്കരാളൻ." 55

ദുശ്ശ്രാവ്യമാമിക്കഥകേൾക്കെ, ശസ്ത്രം
ത്യജിച്ചരാജന്യയുവാവിനുള്ളിൽ,
രോഷാനലൻചീറിവളൎന്നു, ശോകം
മറഞ്ഞു;വിദ്യുത് പ്രഭനായ് ജ്വലിച്ചു. 56

അനന്തരംഹൎഷനെനോക്കിയേവം
വദിച്ചുഭൂപാലകുലാവതംസം,
ഈ രാജവംശസ്ഥിതികാത്തുനീതാൻ
പ്രജാവനംചെയ്കയഥാനുരൂപം. 57

ധരിക്കനീസാഹ്യവിധാനമേകാൻ
ബന്ധുക്കളെന്നല്ല ജനങ്ങൾപോലും
ഉദ്ഗൂഢകൗതൂഹലരെന്നുമസ്മത്
ധരിത്രിനല്ലവൎയെന്നുമുള്ളിൽ. 58

അമ്മാളവശ്രീഹരണാൎത്ഥമിന്നു
പോകുന്നുഞാൻതാപസവൃത്തിയിപ്പോൾ
സംദൃപ്തരാംവൈരികൾതൻവിനാശം
വരുത്തുകെന്നുള്ളതുമാത്രമാട്ടെ. 60

പഞ്ചാസ്യവീരൻെറസടാഗ്രഹത്തിൽ
കുരംഗകങ്ങൾക്കഭിവാഞ്ഛപോലും
ചണ്ഡാംശുമാലിക്കെതിരിട്ടുനില്ക്കാൻ
തമസ്സിനുംകൗതുകമെന്തുചിത്രം. 60

സാമന്തരാംമന്നവരുണ്ടു പിന്നെ
മത്തദ്വിപശ്രേണിയുമുണ്ടുപാർത്താൽ,
തദീയരക്ഷയ്ക്കുയുതംതുരംഗ-
മീ“ദണ്ഡി”യൊന്നിച്ചു മുക്കപോരും. 61

ഈമട്ടിലുള്ളഗ്രജഗീരുകേട്ടി-
ട്ടുരച്ചുഹർഷൻപ്രണയാഭിദ്രുതൻ.
ആര്യൻമദീയാനുഗതത്തിലേതോ
ദോഷംനിരീക്ഷിപ്പതുപോലെകാണ്മൂ. 62

ഇവൻപരംബാലകനെന്നുകാങ്കി-
ലാര്യന്നുഞാനിങ്ങനെഹേയനാണോ?
സംരക്ഷ്യനാണെന്നുനിനയ്ക്കിലാര്യ-
ബാഹുക്കളല്ലേ ശരണീയലക്ഷ്യം. 63

അശക്തനാണെന്നുധരിക്കിലേവ-
മെന്നെപ്പരീക്ഷിപ്പതു യുക്തമാണോ?
ക്ലേശംസഹിക്കാത്തവനെന്നുകാൺകി-
ലീയെന്നെയുംസ്ത്രീകളിലെണ്ണിയല്ലോ? 64

സുഖേനവാണീടണമെന്നപക്ഷ-
മുണ്ടെങ്കിലാസൗഖ്യവുമങ്ങയൊത്തു
പ്രയാണമായ് ഞാനൊരുഭാരമല്ലാ
പോന്നീടുവാൻകല്പനനല്കിടേണം. 65

സഹോദരസ്നേഹമിതൊന്നുമൂലം
ദുഃഖിപ്പതെന്നാലതുനമ്മിലൊപ്പം.
ഭവാൻപ്രസാദിച്ചുനയിക്കവേണ-
മെന്നാശുപാദങ്ങളിലാനമിച്ചാൻ. 66

തെറ്റന്നു കൈക്കൊണ്ടുപിടിച്ചുമെല്ലെ-
യുത്ഥാപനംചെയ്തുവദിച്ചുരമ്യം.
കുഞ്ഞേതവെറുംദുർബലവൈരിയോടോ
വമ്പിച്ചസന്നാഹമെടുപ്പുനമ്മൾ? 67

നിൻവിക്രമത്തിന്നൊരുനാട്യരംഗ-
മീയാഴിചൂഴുന്നൊരുഭൂമിയത്രേ.
കുലാചലത്തോടിടയുന്നവാതം
തൂലത്തിനോടേല്ക്കുകയില്ല; നില്ക്കും. 68

ഇമ്മട്ടുസാന്ത്വങ്ങൾ കഥിച്ചതെല്ലാ-
രാശ്വാസമേകീട്ടഥരാജഹലൻതാൻ
അന്നേദ്ദിനംതന്നെ, നിജാരിജീവ-
ഹാനിക്കു സദ്യാവൃതനായ് ശ്രമിച്ചാൻ. 69

അനന്തരംക്കൂട്ടപിരിഞ്ഞുപോയോ-
രാരണ്യദന്താവളമെന്ന പോലെ
ശ്രീഹർഷദേവൻവിമനസ്കനായി-
ട്ടാഹന്തദുഃഖത്തൊടുവാണുപോന്നു. 70

ദിനങ്ങളേവം പലതുംകഴിഞ്ഞു
പോയോരുനാളഗ്രജതോഴനേകൻ
ആസ്ഥാനദേശത്തു സമാഗമിച്ചു
ചൊല്ലീടിനാനാകുലപൂർവ്വമേവം. 71

E 925

സഹേലമായ് മാളവസൈന്യജാതം
നിഷൂദനംചെയ്തനരർഷഭന്ന്,
ഗൗഡാധിപൻസൈംബിലവൃത്തികാട്ടി-
ക്കാലാശയിൽജീവനമേകി, ദുഷ്ടൻ 72

ഈവാർത്തകേട്ടപ്പൊഴിളാധവേശൻ
തേജസ്സു താരുണ്യ മെടുത്ത മട്ടിൽ
ദുഷ്പ്രേക്ഷ്യനായ് ഹന്ത ചമഞ്ഞു മുറ്റും
ജ്വലിച്ചു കാർത്താന്തിക വൈരിപോലെ. 73

ഗൗഡാധിപൻഹാ! നിരയാധിനാഥൻ
ചണ്ഡാലകർമ്മൈകപരൻ നികൃഷ്ടൻ
എന്നഗ്രജന്മാവിനെഹിംസചെയ്തോ-
രവന്റെ രക്തം നുകരട്ടെ ഖഡ്ഗം 74

നിർഗ്ഗന്ധമാക്കാതെ ധാരാതലത്തെ
പാലിക്കുവാനില്ല തരിമ്പുമോഹം.
നിർജ്ജീവനായ് കീർത്തിവെടിഞ്ഞു ഭുവിൽ
ശരീരിയായ് വാഴുകയില്ല നൂനം. 75

പോകട്ടെ സർവ്വസ്വവുമാര്യപാദ-
പാംസുക്കൾതൊട്ടാണവിടുന്നു; സത്യം.
ഇബ്ഭൂമിയേ ഗന്ധവിഹീനയാക്കു-
മല്ലെങ്കിലഗ്നിക്കിരയെന്റെ ദേഹം. 76

എന്നന്തരാത്മാവിലുറച്ചു ധീരൻ
കല്പിച്ചു സന്ധ്യാദി നിയുക്തനോട്
എഴുത്തയച്ചീടുക വൈകിടാതെ-
ന്നെല്ലാക്ഷിതീശർക്കുമിതാണു വാക്യം. 77

വരുന്നിതാ ദിഗ്വിജയാർത്ഥമുർവ്വീ-
ധുരംധരൻ ഹർഷനമേയവീര്യൻ
ഒരുങ്ങുവിൻ നിങ്ങൾ കരം തരാനോ
ഘോരാജി ചെയ്യുന്നതിനോ വിശങ്കം. 78

അതിന്നുശേഷം നൃവരൻ കരീന്ദ്ര-
സേനാപതിക്കാജ്ഞ കൊടുത്തു മോദാൽ
ആയോധനത്തിന്നു രോധമാകും
സന്നാഹമെല്ലാം വഴിപോലൊരുക്കാൻ. 79

രാജ്യസ്ഥിതിക്കഥ സമുജ്ജ്വലയുക്തമാൎഗ്ഗം
പ്രാജ്യൻയഥാവിധി തദാദൃഢമാക്കി മററും
ആജ്ജൂൽസുകത്വമുള്ളവാക്കിബലത്തിനെല്ലാ-
മാജ്യാംപമൗലിസമയം ബത കാത്തിരുന്നു. 80

## II

അനന്തരംദിഗ്ജയ മംഗളാത്മമാം
ദിനംയശസ്സിന്നൊരു നാന്ദിയെന്നപോൽ,
മനുഷ്യനാഥനുപഹാരമെന്നപോ-
ലനന്തരായം വിലസിച്ചുനിൎമ്മലം. 1

പയോവിമോക്ഷത്തിനുപോന്ന ശുഭ്രമാം
ഘനങ്ങളാലെന്നവിധം നരേശ്വരൻ,
സുവൎണ്ണമാകും കലശങ്ങളാൽത്തദാ
വരാഭിഷേകം ബതനിൎവ്വഹിച്ചുതേ. 2

വഴിഞ്ഞഭക്ത്യാ പരമേശപൂജയും
വിധിക്കുഹോമങ്ങളുമാചരിച്ചഥ
വരേണ്യരാംഭൂമിസുരൎക്കു സാദരം
വിശിഷ്ടദാനങ്ങൾ നടത്തിഭൂവരൻ. 3

ഉടൻപുലിത്തോലു വിരിച്ചുവച്ചുതാ-
മുയൎന്നപീഠത്തിലിരുന്നു ചന്ദനം
പരിസ്ഫുരൽ പാവനപാവകോജ്ജ്വലം
നരാധിപൻ മെയ്യിലുമങ്ങു പൂശിനാൻ. 4

വെള്ളത്തനൽച്ചേലയുടുത്തു, മൌലിയിൽ
കുളൂർമ്മകോലും സിതപുഷ്പമാല്യവും,
വിളങ്ങി ഗോരോചന ചേർത്തദൂർവ്വതൻ
ദളങ്ങൾ കാതിങ്കലുമാർന്നമന്നവൻ. 5

ജയാർത്ഥമാകുന്നാഗതിക്കു ഭാവുകം
ഭവിക്കുവാനുള്ളൊരു നൂലു കൈയതിൽ,
ധരിച്ചു, തൻശാസനകങ്കണത്തൊട-
ക്ഷിതീശനേററാനഥ ശാന്തിശീകരം. 6

സ്വരാജ്യരക്ഷാവശമാത്തമന്ത്രിയിൽ
ചുമത്തി ഹർഷത്തൊടു ഹർഷമന്നവൻ
പ്രജാചയത്തിൻ ശുഭമാംജയാരവം
സ്ഫുടംശ്രവിച്ചാജിവിധിക്കു യാത്രയായ് 7

പുരത്തിൽ നിന്നൊട്ടകലത്തു രമ്യയാം
സരസ്വതീവാഹിനി തൻകരയ്ക്കലായ്
പരന്നസൈന്യത്തൊടു, പാളയത്തില-
ന്നാർക്കനാഥൻ നിവസിച്ചിതാദ്ദിനം. 8

മനസ്വിമാർമൌലി മഹാമഹീശ്വരൻ
ഗഭീരനംഭോധി ഹൃദന്തമെന്നപോൽ,
മഹസ്സിനാലർക്കനിഭം പ്രവിസ്ഫുരദ്-
വിഭാത സന്ദേഹമിയററി രാവിലും. 9

തമിസ്രതൻ തുര്യ്യക യാമമെത്തവേ,
സുമന്ദ്രതൂര്യ്യാരവ ഘോഷ പൂർവ്വം
പ്രണാദശംഖധ്വനിയും വിഭിന്നമായ്
ദിഗന്തരാളങ്ങൾമുഴക്കിയുൽക്കടം. 10

കരീന്ദ്രവാജ്യാദി മൃഗങ്ങൾ തൻ രവം
പടജ്ജനത്തിന്റെ യിരമ്പലും തഥാ
വിഭൂഷണത്തിൻ കളശിഞ്ജിതങ്ങളും
മുഴങ്ങി സേനാ നിലയത്തിലെങ്ങുമേ. 11

കുടീര മുന്മേഷഭരം വളർത്തിടും
പെരുത്ത ശബ്ദാംബുധി വീചിമാലയിൽ,
നിമജ്ജനോന്മജ്ജനമാർന്നു, മത്തെഴും
പുമാന്റെയുത്താള മനസ്സുപോലവേ. 12

സ്ഫുരിച്ചെഴും കാന്തികലർന്ന പൊന്മണീ-
വിഭൂഷണശ്രേണിയണിഞ്ഞു ഭംഗിയിൽ,
പ്രസന്നരായ് രാജകുമാരരുംജയ-
പ്രയാണസജ്ജതാ മിയന്നു നിന്നതേ 13

അനന്തരം പൊൽക്കതിർ വീശിഭാനുമാ-
നുദിക്കവേ, ഹർഷന യാത്രയാകുവാൻ,
മുഹൂർത്തമായെന്നു കഥിക്കുമാറുടൻ
നദിച്ചൂശംഖാവലി മംഗളസ്വനം. 14

തദാവിലാസത്തൊടു ദിഗ്ഗജാഗതം
കണക്കെ കണ്ണാഞ്ചലമാട്ടി മന്ദമായ്,
വരുമ്പോരോമല്ക്കരിണീഗളത്തിലാ-
നരാധിനാഥൻ കയറീമഹോന്നതൻ. 15

തിളങ്ങിടും ശോഭനചീന ചേലയെ-
ധരിച്ചിയങ്ങുന്നാമഹീ വരാധിപൻ
വിളങ്ങിവാനോർപ്പദ മേറിനിന്നിടു-
ന്നിളം തളിർച്ചാർത്തണി കല്പശാഖിപോൽ. 16

വിശാല വക്ഷസ്സിലണിഞ്ഞിരുന്നതാം
സ്ഫുരന്മഹാ ഹാരമതിൻമരീചിയിൽ
ഉദിച്ച സന്മണ്ഡലമങ്ങദ്ദിക്കുകൾ
പിടിച്ചതാം ചാമരമെന്നപോലെയായ് 17

പുരാതന ക്ഷത്രമഹസ്സുമൂർത്തമായ്
ഭവിച്ചഹർഷൻ, നിജ ദീപ്തിധാരയിൽ
ഉദിച്ചുപൊങ്ങുന്ന ദിവാകരന്നൊഴം
പ്രഭാതരംഗത്തെയധഃകരിച്ചതേ. 13

തദന്തരത്തിൽ ക്കലിതാദരം(മണീ)കനത്ത്-
കിരീടമാളും തലതാഴ്ത്തി രാജകം,
വണങ്ങി;നാനാമണിഭാസ്സു ചുററിനും
കനക്കവേ വീശിയെഴുന്നു മഞ്ജുളം. 19

ഘനങ്ങളായ്‌തീൎന്ന മുദാരജസ്സെഴും
വിയത്തിലേറും ഗൃഹകേകിപോലെയും,
ശുഭംവദിക്കാനഴകാൎന്നു ദിച്ചതാം
വലാരിദേവൻെറ ധനുസ്സുപോലെയും, 20

സുരദ്രുസത്‌പല്ലവചന്ദനങ്ങളാൽ
ദിശാധിപന്മാരിഹ ദിങ്‌മുഖങ്ങളിൽ
ചമച്ച സത്തോരണ മാലപോലെയും
വിളങ്ങിതല്ക്കൎബ്ബുര രശ്മിസഞ്ചയം, 21

തദാ നൃപാലൻ മിഴിയാൽ സ്മിതത്തിനാൽ
വചസ്സിനാലും കുശലോക്തിയാലുമേ
നമിക്കയാലും ബഹുമാന്യരാജകം
യഥാനുരൂപംവിഭജിച്ചുവീൎയ്യവാൻ. 22

ജനാധിപൻ താനഥ മംഗളാത്മമാം
സുവാദ്യനിദ്ധ്വാന പരമ്പരാവലി
സ്രവിച്ചുചുററം ബതനോക്കി നോക്കി ദി-
ഗ്‌ജയാൎത്ഥമാം യാത്രതുടങ്ങിമന്ഥരം. 23

ബലാവലീപാദപുടാഹതത്തിനാ-
ലുയൎന്ന ധൂളീപടലം നഭസ്സതിൽ,
നിറഞ്ഞു രാത്രീനിഭമായ വാസരം
കിരീടരത്നപ്രഭയിൽ തെളിഞ്ഞുതേ. 24

ദിശാഗജസ്പർദ്ധി കരീന്ദ്രപങ്ക്തികൾ
സ്രവിച്ചദാനാംബുവെഴുന്ന വീഥികൾ,
ദ്വിരേഫജാതങ്ങൾകലർന്ന ഭരവതൻ
പ്രവാഹ സാഹസ്ര വിലാസ മാർന്നതേ. 25

നിവാസകസ്ഥാന മതിങ്കൽ നിന്നഹോ
പുറപ്പെട്ടും സേനകളായുഗാദിയിൽ
ലസിച്ചു, ലക്ഷ്മീശ്വര കക്ഷിവിട്ടെഴും
സജീവലോകങ്ങൾ കണക്കു് ഭംഗിയിൽ. 26

അരം വരേണ്യൻ കടകത്തിലെത്തിയ-
ങ്ങിരുന്നു ഭൂമീപതി വിശ്രമിക്കവേ,
ഒരാളനുജ്ഞാ സദൃശം പ്രവിഷ്ടനാ-
യുരച്ചു മന്ദംവിനയാനുരോധമായ്. 27

അശേഷകല്യാണവിഭൂതി ഭോഗഭൂ-
വിനപ്രഭൻ രാജക ഹീരമേ ഭവാൻ
വിശേഷമാം മാനസ മെന്നിയെപരം
നിനയ്ക്കിലൊന്നില്ലുപദീകരിക്കുവാൻ. 28

ഇതാർത്ഥ്യ, മെൻസ്വാമി ഭവാനിലെന്നുമേ
ധൃതാദരൻ, സാദര മേകിടുന്നതേ.
കൃതാർത്ഥനായത്ഭുതശക്തിയേലുമി-
സ്സിതാതപത്രത്തെ വരോപഹാരമായ്. 29

കടന്നുകൂട്ടുന്ന നിഴൽത്തണുപ്പിനാ-
യിതിങ്കലോരോ ശശിരശ്മി നാൾക്കുനാൾ
നിനയ്ക്കുകിൽ ചാലെയൊഴുക്കു മിഛപോ-
ലലുക്കരത്താവലി, ചന്ദ്രധാരയെ. 30

മഹാമഹസ്സാം വരുണന്നുതുല്യനാം
മഹീപതിക്കെന്നിയൊരാൾക്കു മൂഴിയിൽ
അധീനമായാലു മനല്പമാമിതിൻ
സുഖാവഹഛായ ലഭിക്കയില്ലഹോ. 31

ഇതാ ശ്രയാശാശനമല്ലൊരിക്കലും
പ്രഭഞ്ജനാഹാൎയ്യവുമല്ലിളാപതേ
ജലാർദ്രമാകില്ല; പെരുത്ത ധൂളിയാൽ
നിറത്തിനും മങ്ങൽവരില്ല നിൎണ്ണയം. 32

ഇവണ്ണ“മാഭോഗ”പദാഭിധേയമാം
കുടയ്ക്കെഴുംമേന്മ കഥിച്ചുകൊണ്ടവൻ
വളർക്ഷചേലാന്തരി താതപത്രമ-
ങ്ങെടുത്തുകാണിച്ചിതു രാജരാജനെ. 33

ജഗത് ത്രയത്തിൻ തിലകായമാനമായ്
തെളിഞ്ഞചന്ദ്രന്റെകലാവതാരമായ്
പ്രസന്നയാം കീൎത്തിപൊഴിച്ച ഹാസമായ്
വിളങ്ങിയാഛത്ര മതീവവിസ്മയം. 34

അതിന്നുശേഷം, കൃതലക്ഷണങ്ങളാ-
മനേകരത്നോജ്ജ്വലഭൂഷണങ്ങളും,
മനോജ്ഞമാംവേത്രകരണ്ഡകത്തിൽവി-
ന്യസിച്ചതാംനൈകതരാംശുകങ്ങളും. 35

സുഭാഷിതംമുദ്രണചെയ്തുഭംഗിയായ്
ചമച്ചതാംചീവരപുസ്തകങ്ങളും
വനത്തിൽമേവുംമിഥുനങ്ങളുംതദാ
വസുന്ധരേശന്നുപഹാരമാക്കിനാൻ. 36

അനന്തരംഭൂപതിയോടുസാദരം
വദിച്ചുദൂതൻപുരുഭക്തിപൂർവ്വകം,
കുമാരനാമെൻപ്രഭുശൈശവംമുതൽ
മഹേശസേവാരതനാണുസർവ്വദാ. 37

അനന്തതന്നിൽകൃതവീര്യകൃത്യരാം
ഭവാദൃശന്മാരിലതീവതൃപ്തിമാൻ,
മനുഷ്യരൂപത്തിൽനടക്കുവോരില-
ബ് ഭവാശയന്നില്ലൊരുതെല്ലുമാദരം. 38

മൃതിക്കുതുല്യംകരുതുന്നുസന്തതം
പരാഭികൈങ്കര്യവിധാനമൂഴിയിൽ,
പതിക്കയോയ് വൈഷ്ണവശക്തിപീഡിതൻ,
പരംനരാധീശഭവാൻ പ്രമാണമാം. 39

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഉരച്ചുഹർഷൻ:—പ്രിയഭാവ മാന്നനിൻ-
കുമാരനിൽപ്രീതനിവൻ; ധരിക്കെടോ;
വിലോകനൗൽസുക്യ മുദിക്കയാൽ മന-
സ്സെരിഞ്ഞിടുന്നുണ്ടചിരേണ കാണണം. 40

വിഭാതമായോരളവങ്ങു ദൂതനെ-
പ്പറഞ്ഞയച്ചാൻ പ കരംസമുൽസുകൻ
ഉപായനദ്രവ്യചയംകൊടുത്തു തൻ
പ്രധാനിയാം സേവകനൊത്തു ഭൂപതി. 41

തുരംഗസേനാപതിയായ ദണ്ഡിയ-
ന്നൊരിക്കലാക്ഷോണിവരൻെറ സന്നിധൗ
കൃശീഭവിച്ചൊരു ജിഗീഷയെന്നപോൽ
നിരുൽസുകംനിന്നു വണങ്ങിയോതിനാൻ. 42

സുരേശ ദിക്കെത്തവേ രാജ്യവദ്ധനൻ
കുശസ്ഥലംഗുപ്തനധീന മാകവേ,
തരത്തിലാദ്ദേവിതുറുങ്കുവിട്ടുടൻ
കടന്നുവിന്ധ്യാവനിതന്നിലെന്നതും. 43

ഗ്രഹിക്കുവാൻ രക്ഷിജനങ്ങളും തദാ
ഗമിച്ചുവെന്നാലവരാരു മിപ്പൊഴും
തിരിച്ചുവന്നില പുരത്തിലെന്നതും
ധരിച്ചുപോന്നോൻ, ഹതവീയ്യനെന്നപോൽ. 44

സമസ്തകൃത്യാന്തരവും വെടിഞ്ഞു ഞാൻ
ഗമിച്ചിടുന്നുണ്ടിഹ മത്സ്വസാവിനെ
തിരഞ്ഞിടാൻ; ഗൗഡരെവെന്നുപോരുവാൻ
ഭവാൻ നയിച്ചീടുക സേനയെ ദ്രുതം. 45

ഇദം വിധേയം നിഗദിച്ചു ഭൂവരൻ
പുലൎച്ചയിൽ, പുഷ്കരബന്ധു സന്നിഭൻ
തിരിച്ചു വിന്ധ്യാദ്രിയെ ലക്ഷ്യമാക്കിയ-
ങ്ങതുല്യമാം വാജിയിലേറി സാനുഗൻ. 46

ധരാവിഭാഗം പലതും പൊടുന്നനേ
കടന്നുപോകുന്ന നൃപന്നു ലക്ഷ്യമായ്,
പുരഃസ്ഥലം തന്നിലദൃഷ്ടപൂൎവമാം
വനത്തിലെ ഗ്രാമതലം മനോഹരം. 47

ചിലേടമങ്ങിങ്ങു കിളുന്നിടയ്ക്കിടെ
പ്പരന്നുനാനാതരവൃക്ഷവല്ലികൾ
നിറഞ്ഞു പാടങ്ങളുമാൎന്നൊരിസ്ഥലം
വിളങ്ങിനൈസൎഗ്ഗിക കാന്തി കന്ദളം. 48

പരന്നിതിങ്കൽച്ചിലബീജധാനിയിൽ
കിടന്നൊരദ്ധാന്യകസംഗരങ്ങളെ
എരിക്കവേചുററിയെഴുന്നധൂമ മാ-
ൎന്നനന്തമങ്ങിങ്ങിരുളാൎന്നിരുന്നതേ. 49

അട്ടത്തുവത്സഗ്രഹദൃഷ്ടജന്തുവെ
പ്പിടിക്കുവാനുള്ളപലേ‘കുരുക്കു’മായ്
വടദ്രുമത്തിന്റെത്തറയ്ക്കു,കമ്പിനാൽ
ചമച്ച ഗോശാലയുമുണ്ടു,ചുററിനും. 50

വനാധിപൻ കാഷ്ഠികരോടുമല്ലടി-
ച്ചെടുത്തുസൂക്ഷിച്ച പരശ്വധങ്ങളും
മരങ്ങളാൽനിർമ്മിതമായചണ്ഡികാ-
ഗൃഹങ്ങളുംകാൺമു ചിലസ്ഥലങ്ങളിൽ. 51

കുടുംബരക്ഷാകുലരാം കൃഷീവലർ
മെതിച്ചൊരശ്ശാലിയെഴും കളങ്ങളും,
അടുക്കലായ് പുല്ലുകൾകൊണ്ടു തീർത്തതാം
ചരിഞ്ഞമാടങ്ങളുമുണ്ടു കാണുവാൻ. 52

ഇടക്കിടയ്ക്കാവഴിതോറുമാതപം
സഹിക്കവയ്യാത്ത ജനങ്ങൾ സർവ്വദാ
കുടങ്ങളിൽ പാനി നിറച്ചുവച്ചിട്ടും
ഗൃഹങ്ങളാൽ ച്ചൂടുകുറച്ചിടുന്നിതിൽ. 53

വെറുംമുളക്കീറുകൾ കൊണ്ടു ഭിത്തികൾ
പടുത്ത നൽപുല്ലുകൾ കൊണ്ടുമേഞ്ഞതായ്
പതിഞ്ഞുകാണുന്ന ഗൃഹങ്ങൾ കുക്കുട-
സ്വനത്തിനാലേ യറിയാൻ കഴിഞ്ഞിടൂ. 54

കിഴങ്ങുവൎഗ്ഗങ്ങൾ ഫലങ്ങൾ മാംസവും
പലേതരംനെല്ലരിയും ഭുജിക്കുവോർ
നിരാമയം മോദമിയന്നു ജീവിതം
നയിക്കുവോരിങ്ങു ജനങ്ങൾ സൎവ്വഥാ. 55

ധരാധിപൻ ഗ്രാമവിലാസമോരോ-
ന്നീക്ഷിച്ചുകൊണ്ടങ്ങു നടന്നുമന്ദം
ഉദിച്ചെഴും പ്രീതിയിലാദിനാന്തം
സമീപമായെന്നതു മോൎത്തതില്ല. 56

ആശ്രമവാസ്തവ്യരറിഞ്ഞു വേഗാൽ
വിശിഷ്ട വസ്തുക്കളെടുത്തു കൊണ്ടു്
നൃപാന്തികം ചെന്നു വണങ്ങി മുററും
ഭക്ത്യാദരത്തോടനുയാന മേററാർ. 57

ജഗത്തിലെക്കാമ്യവിലാസജാലം
നിൎദ്ദിഷ്ടമായുണ്ടുവനസ്ഥലത്തിൽ
യഥാൎത്ഥമാം സൗഖ്യവുമുണ്ടു പാൎത്താൽ
വൻപട്ടണംകൃത്രിമലാസ്യരംഗം. 58

ആരണ്യഭൂവിങ്കലുമുണ്ടു ധാൎമ്മിക-
ന്മാരെന്നുചിന്തിച്ചഥ മൎത്ത്യനായകൻ,
ആരാത്രിയാരാജകുമാരരോടുമൊ-
ത്താരമ്യമായങ്ങു നയിച്ചുസോൽസുകം. 59

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

## III

വിഭാതമാം വേളയിലാമഹീശ-
നാഗ്രാമദേശത്തെ വെടിഞ്ഞു വേഗാൽ.
വിന്ധ്യാചലത്തിങ്കലണഞ്ഞു സാശ-
മനാകുലം തേടിനടന്നു നീണാൾ. 1

അന്നേകദാ കാനന ഭൂമിതന്നിൽ
ചരിക്കവേസാനുഗനാം നരേശൻ,
കാനന്യസാമന്ത തനൂജനേക-
നാരാൽ സമീപിപ്പതു കാൺമാറായ്, 2

ആവന്യ രാജന്യ കുമാരനൊന്നി-
ച്ചൊരുററ കാട്ടാള യുവാവിനേയും,
കണ്ടാൻനൃപൻ, മന്ദതരംചരിക്കും
തമാല ഭൂമീരുഹ മെന്നപോലെ 3

കറുത്തദേഹം. വനവല്ലികൊണ്ടു
കെട്ടിപ്പടുത്തുള്ളൊരു കേശഭാരം,
തമസ്സുതോല്ക്കുംവിധമായ് സദാപി
ചലിച്ചിടുംചില്ലി,യുയർന്നനാസ. 4

കുറഞ്ഞപക്ഷ്മങ്ങളുമൊത്തു മുററും
ചുവന്നുരൂക്ഷീകൃതമായ നേത്രം,
മലർന്നുതൂങ്ങുന്നധരം, കണക്കിൽ
കുറഞ്ഞതും ചീർത്തതുമായതാടി, 5

കണ്ണങ്ങളിൽ കാചരകാച രത്ന-
മാലാകലാപങ്ങൾ, ശിരസ്സു തന്നിൽ,
മനോജ്ഞമാകും ശുകപക്ഷമെന്നീ
വിധത്തിലാവ്യാധനിരുന്നിരുന്നു. 6

വിന്ധ്യാചലത്തിന്നൊരു ഭൂപനായും
വ്യാധാവലീസൈന്യക നാഥനായും
വാഴുന്നു "ഭൂകമ്പ"നൊരാൾ;ളവന്നു
സ്വപുത്രീയനാമിത്തരുണൻ സുഷേണൻ. 7

അക്കാനനാന്തത്തിലവന്റെ കണ്ണിൽ
പ്പെടാതെ യാതൊന്നുമിരിക്കയില്ല
ഞെട്ടറ്റുവീഴുന്നില പോലുമെത്ര
യുണ്ടെന്നു ചൊല്ലാനുമവൻ സമത്ഥൻ. 8

തേജസ്സുചിന്തും നരപാലരൂപം
ദശിച്ചൊരാ രണ്ടു യുവാക്കളപ്പോൾ,
സാഷ്ടാംഗപാതേന നമസ്കരിച്ചു
നിന്നാർ പരം പ്രശ്രയ ഭാവരായി. 9

ചോദിച്ചുഹർഷൻ കതുകാൽ:—ഭവാന്മാ-
ക്കിദ്ദേശമെല്ലാമറിവുള്ളതല്ലേ?
കുറച്ചുനാളായിതിൽ വന്നുചേന്നോ-
രുദാരനാരീമണി ദൃഷ്ടയായോ? 10

സമാദരം ചൊന്നിതൊരാൾ:—മഹാത്മൻ!
മാൻപേടപോലും നടകൊൾകയില്ല,
ഇട്ടിക്കിലൂടിന്നു ഭയന്നു; കഷ്ടം
മൃഗാക്ഷിമാർ തൻ കഥയെന്തു പിന്നെ. 11

ഇതിന്നടുത്തായൊരു ദിവ്യനാകും
മഹർഷി വാഴുന്നു പരാത്മവേദി,
ഈ വാർത്തയദ്ദേഹ മറിഞ്ഞിരിക്കാം;
ആരായുകിൽ കാര്യ്യമറിഞ്ഞു പോരാം. 12

അനന്തരം സാനുചരൻ നരേന്ദ്രൻ
നിഷാദ നിർദ്ദിഷ്ടപഥത്തിലൂടെ
മഹർഷിതന്നാശ്രമഭൂവിലേയ്ക്കു
ചേതോരഥത്തിൽ കയറിഗ്ഗമിച്ചു. 13

ചാഞ്ഞൊട്ടുതൂങ്ങീടിന ശാഖതോറും
തത്തിക്കളിക്കുന്ന ഖഗങ്ങൾതന്റെ
കളാരവത്താൽ തരുവൃന്ദമുർവ്വീ-
വരന്നു സന്മംഗള മാവദിച്ചു. 14

ദൂരത്തുകേൾക്കായ് മൃഗരാജനാദം
ഗുഹാന്തരാളത്തിൽ മുഴങ്ങിമന്ദ്രം
ജനാധിപൻതന്നുടെ സന്നിധാനം
ഘോഷിച്ചിടും ഭേരിരവംകണക്കെ. 15

പത്മാക്ഷതാപങ്ങൾ പൊറാഞ്ഞുദന്തി-
സമൂഹമങ്ങാൻ മഥിക്കമൂലം
പത്മാകരം ഹന്ത വിവൎണ്ണഭാവം
കലൎന്നിനത്രാസമിയന്നപോലെ: 16

പുന്നാഗപൂഗാദിതരുക്കളെങ്ങി
ങ്ങുന്നിദ്രശോഭം സഫലപ്രസൂനം
നില്ക്കുന്നതായ് കണ്ടുവസന്തദേവൻ
ക്രീഡിക്കമപ്പൎവ്വതമെന്നപോലെ 17

ഉയൎന്നനീലച്ഛദമാൎന്നശാഖാ
ജാലംവഹിക്കും വിഫലദ്രുമങ്ങൾ
അങ്ങിങ്ങുകാണായിളയെപ്പിളൎന്നു
പൊങ്ങുന്നപാതാള തമസ്സുപോലെ. 18

പരന്നപാടങ്ങൾ, മനോജ്ഞവല്ലീ
ഗണങ്ങൾ തിങ്ങുന്ന വിലാസഭൂക്കൾ
കുഞ്ജങ്ങൾ, പൂഞ്ചോലകൾ, ജാതിവൈരം
വെടിഞ്ഞു ജന്തുക്കളുമങ്ങു കാണായ്. 19

യോഗീശ്വരഛരായ പതിഞ്ഞപുണ്യ-
പ്രദേശമാരാൽ സ്ഥിതമായിരിക്കും
എന്നോൎത്തു സന്ദർശന യുക്തമാകും
വേഷംകലൎന്നങ്ങു നടന്നു ഭൂപൻ. 20

അകൃത്രിമ ശ്രീയൊടുശാന്തമായും
ഭവാന്തരായത്തിന്നു മന്ത്രമായും
പുണ്യാങ്കുരത്തിൻവിളഭൂമിയായു-
മുള്ളാശ്രമം കണ്ടു നൃപൻതെളിഞ്ഞു. 21

ഈ യാശ്രമം ശാസ്ത്ര വിചാരണത്തിൻ
കോലാഹലംകൊണ്ടു നിറഞ്ഞതായും
വേദസ്വരത്തിന്നൊലിയാഗതർക്കു
മാംഗല്യസംസൂചന ചെയ്വതായും, 22

അഹിംസയെപ്പെററ മഹീശ്വരൻത-
ന്നുൽകൃഷ്ടതത്വങ്ങൾ ജപിപ്പതായും,
പരാത്മതേജഃപ്രസരം പ്രശാന്തം
ശോഭിച്ചിടുന്നുണ്ടു നിരന്തരായം. 23

E 925

ഇദ്ധന്യമാം പുണ്യവനിക്കു മദ്ധ്യേ
വിശുദ്ധമാം ഭദ്ര കുശാസനത്തിൽ,
സുധാദ്ര നേത്രാഞ്ചല വീചിവീശി
ജന്തുക്കളിൽ പ്രേമരസം പൊഴിച്ചും, 24

പിപീലികയ്ക്കായ് തിനതണ്ഡുലങ്ങ-
ളത്യാദരത്താൽ ചിതറിക്കൊടുത്തും
സദ്ദർശനാർത്ഥിക്കു പദാർത്ഥമെല്ലാം
ദീപത്തിനൊപ്പം പ്രകടീകരിച്ചും, 25

വൈഖാനസന്മാൎഗ്ഗപദേശമോരോ-
ന്നോതിക്കൊടുത്തും, സമഭാവമാൎന്നും,
സൎവ്വജ്ഞതയ്ക്കും നിയമാദികൾക്കും
ഉത്പത്തിഭൂവായി ഹ ലാലസിച്ചും, 26

അനല്പതേജസ്സൊടു മിത്രതുല്യം
വൎത്തിച്ചിടും പുണ്യയുവൎഷിതന്നെ,
ദൎശിച്ചു രാജാവഥ ഭക്തിപൂൎവ്വം
നമസ്കരിച്ചാൻ കൃതകൃത്യനെപ്പോൾ 27

എണീററു തൻപാണിയുയൎത്തിമെല്ലെ
ക്കനിഞ്ഞു മാധുൎയ്യമിയന്ന വാക്കാൽ,
"പുണ്യംഭവിക്കട്ടെ സദാഭവാനെ-
ന്നാശീൎവ്വദിച്ചാനഥ യോഗിവൎയ്യൻ. 23

മുന്നോഗ്രഹിച്ചുള്ള വിധംപ്രശാന്ത-
ഗംഭീരമാം ദീപ്തിയെഴുന്ന യോഗി
"ഭദന്ത"നാണെന്നതിബുദ്ധിമാനാം
ഹൎഷൻ നിനച്ചാൻ ചിരദൎശനത്താൽ 29

കൊടുത്തു ഭദ്രാസന മങ്ങിരിപ്പാ-
നനന്തരം പാദ്യമുപാഹരിക്കാൻ,
അനുജ്ഞശിഷ്യനൊരുളി പ്രഭാവ-
സതചൻ മഹൎഷീശ്വരനാത്തമോദം. 30

വദിച്ചു ഹർഷൻ:—ഭഗവൻ! ഭവാനെ
ദർശിക്കുവാൻ സംഗതിവന്നമൂലം
പുണ്യംഭവിച്ചിന്നു, ഭവാൻവദിച്ചോ-
രാശിസ്സുപാത്താൽ പുനരുക്തമല്ലോ! 31

ത്വദീയമാം വാഗമൃതത്തിലിന്നു
മുങ്ങിക്കുളിച്ചുള്ളൊരെനിക്കിദാനീം
പാദ്യാംബുവും നിഷ്പല;മങ്ങിരുന്നാൽ
പോരും വിഭോ! താഴെയിരുന്നുകൊള്ളാം. 32

വണക്കമാം ഭൂഷണമിങ്ങു രത്നം
ഭാരാവഹം താനിതു പാത്തു താനെ
ഭൂയോപി ചൊന്നിട്ടുമിളാധിനാഥ-
ന്നേല്ക്കായ്കയാൽ യോഗിയിരുന്നരച്ചാൻ. 33

അനിന്ദ്യമെന്നുള്ളതു മാത്രമല്ലാ
സംസാരമിപ്പോളതിവന്ദ്യ മായീ.
ഉദാരമാം രൂപ മിവണ്ണമോരോ-
ന്നിങ്ങെത്രയോ കാണുകയില്ല മത്ത്യൻ. 34

ഇപ്പുണ്യധാമാവിനെ യിന്നുകാൺക-
യാലെൻ തപസ്സിൻഫല മിങ്ങുദിച്ചു.
മന്നേത്രയുഗ്മം ബഹുതൃപ്തിയാം മാ-
റിന്നാചമിച്ചു മധുരാമൃതത്തെ. 35

നിർവ്വാണകൗതുഹലിയാം നമുക്കും
മനുഷ്യലോകേതര ഭവിച്ചിദാനീം.
സുധർമ്മഭാക്കായ ഭവാന്റെ കാഴ്ച
സിദ്ധിക്കയാൽ വിശ്വമഹീതലേശ! 36

ഇമ്മട്ടെഴും താഴ്മയുമാർത്ഥ്യ വാക്കിൻ
മാധുര്യ്യവുംശ്രൂപഗുണങ്ങളും തേ
മദീയചിന്താസരണിക്കു മേററം
വിദൂരമായ് സംസ്ഥിതി ചെയ്തിടുന്നു. 37

എമ്മട്ടിലീനാം വനമദ്ധ്യമാർന്ന
ധർമ്മജ്ഞനായുള്ള ഭവാനു ഭുവിൽ
പ്രിയം വരുത്തുന്നു; ഹൃദന്തമിപ്പോൾ
പാരിപ്ലവത്വത്തെ യിയന്നിടുന്നു. 38

സഞ്ചാരയോഗ്യത്വ മെഴാത്തൊരീ വൻ
കാട്ടിൽക്കിടന്നിങ്ങനെ താപ മേല്പാൻ
ഭവ്യൻ ഭവാനെന്തു നിദാനമെന്നു
ചൊന്നീടു നമ്മെച്ചരിതാർത്ഥനാക്കൂ. 39

അത്യാദരം ഹർഷനരച്ചിതങ്ങു
സസംഭ്രമം സുന്ദരമായ ഗീരാൽ
എന്നീപ്സിതാർത്ഥങ്ങൾ നിറച്ചു; മാന്യൻ
മാനിക്കയാൽ ഞാനിഹ ധന്യനായി. 40

GRANDHASALA
YINKIL

കേട്ടാലുമിഞ്ഞാൻ ഹതഭാഗ്യനാം; എൻ-
പിതാക്കളും സോദനം മരിച്ചു;
ശേഷിച്ചൊരെൻ സോദരിയീ വനത്തിൽ
വാഴുന്നതായ് കേട്ടതിരഞ്ഞു പോന്നോൻ. 41

ഇന്നോളവും തേടകിലും സസൂക്ഷ്മം
കാണാൻ കഴിഞ്ഞില്ലതിനാൽ വിഷണ്ണൻ
എന്നെങ്കിലും കാനന മാന്ന്വാഴ-
മങ്ങേക്കിതെങ്ങാനുപലബ്ധ മാമോ? 42

വിശാമധീശന്റെ വചസ്സു കേട്ടു
സോദ്വേഗനേപ്പോലെ വദിച്ചു യോഗി
അപാത്രമങ്ങേയ്ക്കു വരേഷ്ട മാകും
കാര്യംകഥിച്ചാന്തര തൃപ്തിയേല്ക്കാൻ. 43

എന്താണുചെയ്യേണ്ടതു? കാരിരുമ്പായ്,
പ്പകർന്നുവോ സ്വർണ്ണശലാകയിപ്പോൾ
എന്നുററ താപത്തൊടു രണ്ടു പേരും
ആഹന്ത! ഹാ! ചിന്തയിലാണ്ടിരുന്നാർ. 44

വയോധികൻ ഭിക്ഷുവൊരാൾ തദാനീം
വദിച്ചു സംഭ്രാന്തിയോടീവിധത്തിൽ
രക്ഷിക്കണേ ദുഃഖമിയന്നു തീയിൽ
ചാടാനൊരുങ്ങുന്നൊരു മംഗളാംഗി. 45

ചിക്കെന്നെഴറേറാടിരുപേരു മെങ്ങോ
പോകാം; വരു; മൃത്യുഭവിച്ചു പോമോ?
ഏവം തദാ യാത്ര തിരിച്ചു; ജീവ-
സംരക്ഷണംതാൻ ഭുവിനത്ത ധർമ്മം. 46

തുടന്നരച്ചാൻ വഴിനീളെ, ഞാനി-
ന്നുഷസ്സിലേ ചെന്നു കുളിച്ചു നേമം
കഴിച്ചുകല്ലോലിനി തന്റെ മുഗ്ദ്ധ-
തീരത്തിലൂടൊട്ടു നടന്നു ദൂരം. 47

ആററിൻകരയ്ക്കായ്, ലതികാവനത്തി
ലേതോമഹാദീന വിലാപരാവം
ശ്രവിച്ചു മഞ്ഞാൻ സരോജ മറാ
സരസ്സിലെ ബ്ഭൃംഗിക തൻരുതം പോൽ 43

അടുത്തു ഞാനങ്ങു സശോക നാരീ
ജനാന്തരത്തിൽ മഴപോലെ കണ്ണീർ
ചൊരിഞ്ഞു വീപ്പിട്ടു വിളർത്തു തീപോൽ
തപിച്ചിടും താഡിത ദീപ്തികണ്ടേൻ. 49

ചെയ്യേണ്ടതെന്തെന്നറിയാതെ കാണി-
ക്ഷണം പരിഭ്രാന്തി കലർന്നു നില്ക്കെ,
സ്ത്രൈണത്തിൽ നിന്നേക മദന്തികം വ-
ന്നോതീടിനാൾ ഗദ്ഗദ പൂർവമേവം. 50

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

സ്വാമിൻപ്രസാദിക്ക, നിനയ്ക്കിലുണ്ടോ
പ്രാണാവനത്തിൽ പരമായ ധർമ്മം?
കൃപാർഹമാരാ മബലാ ജനങ്ങൾ
സത്തുക്കളോ ദീന ജനാശ്രയന്മാർ. 51

ദയാർഹ യെൻ സ്വാമിനി, താതപാദർ
ദിവംഗമിക്കേ,രിപുകാല ഗേഹം
കല്പിച്ചുകാന്തന്നു, സഹോദരന്മാർ
വിദൂരദേശത്തു വസിച്ചിടുന്നു. 52

അരാതിതൻ നീച നികൃഷ്ടകൃത്യം
നിമിത്തമിക്കാട്ടിനകത്തു വന്നു.
അപാരദുഃഖാഹതയായിവണ്ണം
തീയിൽപതിക്കാൻ മുതിരുന്നതത്രേ. 53

പ്രത്യേകമീ ഞങ്ങൾ നിരന്തരം ഹാ
സാന്ത്വങ്ങളോതീട്ടു മതൊന്നു മിപ്പോൾ
എണ്ണാതെ തന്മേനിയെ യാഹുതിക്കാൻ
പോകുന്നു; രക്ഷിക്ക ഭവാനിദാനിം. 54

ക്ഷമിക്കുവിൻ, മദ്ഗുരു സന്നിധാനം
പ്രാപിക്കുവോളം, പുനരിങ്ങു നിങ്ങൾ
ഫലിക്കുമേ കാമിതമെന്നുചൊല്ലി-
ത്തിരിച്ചു ഞാനെന്നു നിവൃത്തിഭിക്ഷു. 55

ഓം ശാന്ത മെന്നാമ്മുനി വേഗവേഗം
നടന്നു ഭക്ത്യാ "ഭഗവൻ! ദയാബ്ധേ
ശ്രീബുദ്ധ നീ താൻ ഭഗിനിക്കു രക്ഷ
നല്കീടണേ! യെന്നു കനിഞ്ഞിരന്നു. 56

ഉദ്വിഗ്നനായ് ഭിക്ഷുവദിച്ച വാക്യ-
മാകർണ്ണനംചെയ്തു മഹീമണാളൻ
"വിഭാഗ്യനാമെൻ സഹജാത യാവാ-
മാഭദ്ര"യെന്നോർത്തു തപിച്ചു മുററും. 57.

കേൾക്കായിതാരാൽ കുലദേവതേ നീ
യെങ്ങാണു? സദ്ധർമ്മമകന്നു പോയോ?
ദുഃഖിക്കവേ ഭക്തജനം മഹാത്മൻ!
ശ്രീ ബുദ്ധ നീ സുപ്തിയിലാണ്ടിടുന്നോ? 58

ചാരിത്ര്യചണ്ഡാല! നൃപാലപുത്രി
ക്കാശ്വാസ മേകീടുക; വഹ്നിദേവ!
ജ്വലിപ്പതെന്തേ സുചരിത്രയാളെ
സ്പർശിക്കുവാൻ ലജ്ജ തരിമ്പുമില്ലേ 59

നിരാശ്രയക്കീശ്വരനുണ്ടു സാഹ്യ-
മേകീടുവാനെന്ന മൊഴിക്കുമിപ്പോൾ
ഭവിക്കയോ ദോഷ; മുദാരജന്മം
ക്ഷയിക്കയോ നിഷ്ഫലമായിവണ്ണം." 60

ഈവണ്ണമോരോ പരിദേവനങ്ങ-
ളേറും വിഷാദത്തോടു കേട്ടു കേട്ടു
മഹർഷിയും മററന്നയായിമാരു-
മൊന്നിച്ചു രാജാവവിടത്തിലെത്തി. 61

വാനത്തുചെന്നാക്കതിരോൻെറ ബിംബം
വിഴുങ്ങി വീരക്ക്ഭയം കെടുത്താൻ
തുനിഞ്ഞിടും മാറു ഹുതാശനൻ താൻ
കുതിച്ചു ഹാഹന്ത ജ്വലിപ്പതായും, 62

കുളിച്ചു തോർത്താതൊരു നാരി തുനീ
രിററിററു വീഴും വസനം ധരിച്ചു
പൂമെയ്യെരിക്കാനനലന്നു ഭക്ത്യാ
വലത്തുവച്ചങ്ങിനെ നില്പതായും, 63

പിന്നാലെ കണ്ണീരു പൊഴിച്ചുറക്കെ
ക്കേഴുന്നൊരഞ്ചാറു വധുക്കൾ നിന്നു
ഇടയ്ക്കിടയ്ക്കസ്ഫുട ശബ്ദമോടു
ചെയ്യായ്ക്കിതെന്നായ് തടയുന്നതായും. 64

ക്ഷണേന നാനാവിധമായ ഭാവം
തടഞ്ഞു ചിത്തം ജഡമായിതാഴെ
തളർന്നു മുഗ്ദ്ധാംഗി പതിപ്പതായും
കണ്ടാനൃപൻ പാഞ്ഞരികത്തു ചെന്നു. 65

നിശ്ചഞ്ചലം നേത്രമടച്ചു മണ്ണിൽ
ക്കിടന്നിട്ടും തൻ സഹജാത തൻെറ
ത്തുനെററിയിൽ ഭൂപതി, "യെൻെറരാജ്യ-
ശ്രീ" യെന്നുമെല്ലെ ക്കരതാരുചേർത്തു. 66

അന്നോമാ പ്രേമരസംപൂരണ്ട
കൈത്താരിനാലൊന്നു വിടന്നു വേഗാൽ
തജ്ജീവിതത്തെ പ്പുനരെങ്ങു നിന്നോ
പ്രത്യാനയിച്ചുള്ള വിധേനതയ്യൽ. 67

ക്രമേണ നൽചേതന വീണു വീണു
സംഫുല്ലമായ് താര നിറുത്തിനോക്കി,
എണീററു സവ്യം സഹപോലെ നാനാ-
ഭാവാപ് ളുതാങ്ങോളിതയായിമന്ദം. 68

ആകസ്മികം തൻ സവിധത്തിലാന്നു
കാണാൻ തരംവന്ന സഹോദരൻെറ
കണ്ഠത്തിലാലിംഗനമോടു പെട്ടെ-
ന്നാഹന്ത വാവിട്ടു കരഞ്ഞു പോയാൾ. 69

പ്രവാഹതുല്യം നയനാംബു വാർത്തു
ഹാ താത! ഇത്യാദി പുലമ്പിമററും
രോദിച്ചു "വത്സേ കരയായ്ക്ക" യെന്നു
ഭ്രാതാവു വാ പൊത്തുകിലും ചിരായ. 70

ആമന്യ വേഗം കരെ നീങ്ങിയപ്പോൾ
യതീശ്വരൻ ശ്രദ്ധാപയസ്സു നല്കി!
അതേറവൃതൻ സോദരിയാൾക്കു ഭൂപൻ
കൊടുത്തൊരുന്മേഷമിയററി മുററും. 71

വത്സ വണങ്ങിടുക നിൻ പതിക്കു
രണ്ടാമതാം സ്വാന്തം–അതേ ഭദന്തൻ,
നമ്മൾക്കൊരാചാര്യ്യനശേഷ തത്വം
മുറയ്ക്കറിഞ്ഞോൻ നിഗദിച്ചു ഹർഷൻ. 72

നിറഞ്ഞ കണ്ണീരൊടു കൂടിയപ്പോ-
ളദ്ദേവി താനും പ്രണമിച്ചു ഭക്ത്യാ
ആചാര്യ്യനും മെല്ലെ വദിച്ചു:—ഭദ്രേ!
ശുഭം ഭവിക്കട്ടെ നിനക്കു നിത്യം 73

കേഴായ്ക വത്സേ ഭുവി ശോകമാററാൻ
മനസ്സിനേ ശക്തിവരാ വൃഥാവിൽ
ത്യജിക്കൊലാ ജന്മമുദാരമേവം
ഭജിക്ക ധൈര്യ്യം സതതം ശുഭേ നീ. 74

അനന്തരം യോഗി വചസ്സുമാദരാൽ
ധരാധിപൻ സോദരിയൊത്തു സാനുഗൻ.
മനഃപ്രസാദത്തൊടു ശാന്ത പുണ്യമാം
വാരാശ്രമം പുക്കു സമാശ്വസിച്ചതേ. 75

# IV

ഓതിനാന്നഥ സുഖേന ശാഖിതൻ-
ഛായയിൽ ശ്രവണരൊത്തു ഭൂവരൻ
ഭൂതിശാലി മരുവുമ്പൊഴേകദാ
മായവിട്ടയതി മൗലി സാദരം. 1

ക്ഷോണിവല്ലഭ ഭവാന്റെ സദ്ഗുണ-
ശ്രേണിയാലമിത തുഷ്ടിയേല്ക്കയാൽ,
ലോകരക്ഷ ശരിയായ് നടത്തുവാ-
നേകിടുന്നു മണിമാല യൊന്നുനാം. 2

ഏതുവൻ വിഷവ്യ മസ്ത്രമാക്കിടാ-
നേതു താപവു മകററിടാനുമേ,
ഔഷധീശന്റെ ശക്തിമൂലമാ-
യീഷലില്ലിതിനു മേന്മ യേറയാം. 3

എന്നു ധന്യയമി ചീവരസ്ഥമാ-
യുല്ലസിക്കു മതിമഞ്ജു മാലയെ,
മന്നവക്കു മകുടീഭവിച്ചു ഭൂ-
വല്ലഭന്നു കരുണാർദ്ര നേകിനാൻ. 4

മിത്രരശ്മിനിചയം പൊഴിച്ചിടും
മുത്തുമാലയൊരു നോക്കു നോക്കുവാൻ
ക്ഷത്രകാന്തിനിധി ഭൂപതിക്കുമേ
പാററിയില്ല; മിഴിയഞ്ചി നിന്നുപോയ്. 5

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

സിന്ധുതുല്യനെഴുമത്ഭുവനത്തിനാ-
ലന്ധനായഥ കുറഞ്ഞു നില്ക്കവേ,
ബന്ധുരാഭ കലരുന്ന മാലയ-
ക്കന്ധരത്തിലണിയിച്ച യോഗിയും. 6

ചൊല്ലിനാൻ ക്ഷിതിപനൂഢ ഭക്തിയായ്
പൂരുഷർക്കു ചിതമല്ലിതെന്നുമേ;
ചൊല്ലെഴുന്നിതു ഭവാൻ നിരന്തരം
പൂണ്ടുകൊൾവതു ശുഭം നിനയ്ക്കുകിൽ. 7

കൊണ്ടിടാനുമിതു തള്ളിടാനുമി-
ന്നാളുമല്ലിവനിതോ'രണം ഭവാൻ.
കണ്ടമാത്രയിലഹോ മനസ്സിനാ-
ലാളുമസ്വതയിതെന്നു നണ്ണിനേൻ. 8

ഭൂമിപാല കുല മൗലി ഹീരമേ!
കാണിയും ചപല ഭാവമെന്നിയേ,
തൂമയോടിതു ധരിക്ക നിത്യവും
നാണിയാതെ;—മുനിവര്യനോതിനാൻ. 9

എന്നുകേട്ട വനിപാലനുത്തരം
പിന്നെയൊന്നുമരുളീല; മൗനമായ്,
ഖിന്നനായ് മഹിതമായ മാലയെ
തന്നെയും സപദിയാന്റ സാദരം. 10

എന്നുമല്ല യതിഗീരിലാദരം
കൊണ്ടു ഭൂപനന്ദഗാമിമാരുമായ്
നന്ദിയോടനുജയൊത്തു പിന്നെയും
കഷ്ടമേതുമറിയാതെ മേവിനാൻ; 11

അന്നൊരിക്കലവനീ മണാളനോ-
ടുന്നയിച്ചിതു നിജാശയങ്ങളെ,
സന്നജീവിത സഖീമുഖേന ഹാ
ഖിന്നയായ് ഭഗിനിയങ്ങു സാദരം. 12

നാരിമാർക്കു പതിയോ ശിശുക്കളോ
സാരമായൊരവലംബനം ദൃഢം
പാരിലിന്നിതു വെടിഞ്ഞൊരീയെനി-
ക്കാരുവാൻ ഗതി? നിനയ്ക്ക സങ്കടം. 13

ആര്യനന്നിവിടെ വന്നതോർക്കുകിൽ
മാരണത്തിനൊരു സേതുവായിതേ-
പാരിലിങ്ങിനി മദീയ ജീവിതം
ഭാരമാണതു മരിച്ചപോലെയാം. 14

താതനില്ല ജനയിത്രിയില്ലപി-
ന്നാതപങ്ങൾ പലവാറുമെത്തിടാം
ഭൂതകാലസുഖമൊട്ടുപോലുമീ-
ക്കാതരയ്ക്കു കണികിട്ടുകില്ല മേൽ. 15

ജ്യേഷ്ഠനുള്ള കനിവെന്നതും പരം
പുഷ്ടമായ വിഭവങ്ങളെന്നതും
മിഷ്ടമായ സുഖമേല്യ മെന്നതും
കഷ്ടമായ വിധിയോർത്തുവിട്ടു ഞാൻ. 16

ഭൂഷണങ്ങൾ മണിമേട തോഴിമാർ
ദോഷമററു വിലസുന്ന വാടികൾ
യോഷമാൎക്കു വിഭവങ്ങളെന്നതും
നിഷ്ഫലം വിധവയാകിലൂഴിയിൽ. 17

ഭൂവിലുള്ള സുഖദുഃഖമൊക്കെയും
ജവിതത്തിലിഹ ഞാനറിഞ്ഞുപോയ്
ഭാവിയിൽ സുഖമെനിക്കു കൂട്ടുകി-
ല്ലീവിധം ഭരിതമെന്തിനേൽപ്പു ഞാൻ. 18

കാവിലിങ്ങു പരിശിഷ്ടമായിട്ടും
ജീവിതം നിയമപൂർവ്വമാദരാൽ.
സാവധാനമിഹ പോക്കുവാൻ ഭവാൻ
ഭാവിയോടൊത്തൊരനുവാദമേകണേ. 19

ചൊല്ലിനാനഥ നൃപപാലനീവിധം
മല്ലനേത്രയൊടു ഗദ്ഗദാന്വിതം
അല്ലൽവേണ്ട സഹജേതരിന്നുമി-
ങ്ങുള്ളിലെന്നു കരുതീടുകെന്നുമേ. 20

താതനെന്നാവിധമിങ്ങു മേലിലും
ഖേദമേതുമിയലാതെ കാക്കുവൻ
ഭൂതപൂർവ്വ സമമോദമെന്നുമെന്നുമെൻ
സോദരിക്കു നഗരത്തിലും വരും. 21

രാജമുദ്രവെടിയുന്നുവെങ്കിലും
മാനിയെന്നുയിരു നില്ക്കുവോളവും
രാജനന്ദിനി ശുഭേ രിപുക്കളും
മാനിയാതെ വരികില്ല നിർണ്ണയം. 22

ഭേദചിന്ത ജനതയ്ക്കുകാണിയും
കാണുകില്ലിരുവർ നമ്മിലെന്നുമേ;
മോദമേല്ക്കു; ഭയമെന്തിന്നൂഴിയിൽ,
കാണുമോ മഷി വിഭാതഭാനുവിൽ. 23

സ്നേഹമാം നിഗഡമിട്ടു നമ്മളെ
സ്നേഹരൂപി ഭഗവാനിണക്കയാൽ
ബന്ധമററു വിദയം ജഡത്തൊട-
ങ്ങന്ധനായി മറയാനശക്തനാം. 24

രാത്രിയും പകലുമിങ്ങു തീർത്തു ഹാ
ജീവിതം പകുതി ദുഃഖമെന്നതും
കാട്ടിടുന്നു വിധി; ധൈര്യമേല്ക്കെടോ
ഭീരുവോ ഭവതി ലോകരീതിയിൽ 25

ധീരധീരമഥ യോഗി സാന്ത്വനം
സാരസാക്ഷിയൊടു ചൊല്ലിയീവിധം
സാരമില്ല സഖി ശോകമെന്നതി
ക്രൂരമായൊരു പിശാചുതന്നെയാം 26

സന്തതസ്രവണശീലമായ് പരം
നൊന്തിടുന്ന ഹൃദയവ്രണം ദൃഢം
എത്രയോ കഥകൾ കേട്ടു ധീരമാം
സാന്ത്വവും പുനരിതേല്ക്കുകില്ലെടോ! 27

നവ്യ നവ്യ നവമാലികാസുമ-
പ്രഖ്യമാകു മബലാജനാശയം,
ദുഃഖ ശബ്ദമതിലും മുഷിഞ്ഞുപോം
സഹ്യമല്ല കദനം പതിവ്രതേ! 23

ചൊൽവതാരൊടിതു കേൾപ്പതാരുവാൻ
കർമ്മമാം സഖി സഹിക്ക സർവ്വവും,
ഇല്ല തുഷ്ടിലവവും സപത്നിയിൽ
ധർമ്മനീവിധിയെ യാർക്കുമാററിടാം. 29

വിദ്രുതം സഖിയനിത്യതാ സരി-
ത്താഞ്ഞു പാഞ്ഞു മറയുന്നു ഭൂമിയിൽ
നശ്വരം സകല മെന്നുകണ്ടു നീ
ദുഃഖിയായ്ക്ക ദൃഢ ധൈര്യമേല്ക്കെടോ. 30

ഏററ ദുഃഖമതുപോലെ സൗഖ്യവും
ചിന്തിയായ്കിനി വരുന്നതൊക്കവേ,
വന്നിടട്ടെ, നിജ ചിത്തമെന്നതേ
സൗഖ്യ ഹേതുകമിഹത്തിലെന്നുമേ. 31

നന്നുതന്നെ മുനി വൃത്തിയോർക്കിലോ
മാംഗലാത്മ കമിത ഗ്ര്യഭാഷിതം
ഇങ്ങു നിങ്ങളിരുപേരു മൂഴിയിൽ
ഭംഗമെന്നി നിവസിക്ക മംഗളം. 32

ഈ വിധത്തിൽ വിരമിച്ചു യോഗിയോ-
ടാവിശാംപതി യുരച്ചിതാദരാൽ,
ഏവ മിന്നൊരുപദേശമേകുവാൻ
ഭുവിലന്യ നര നാരൊരുങ്ങിടും. 33

ഖിന്നരായ ജനതയ്ക്കു താങ്ങലായ്
മന്നിടത്തി ലവിടുന്നു സൃഷ്ടനായ്,
ധർമ്മ ദീപമവിടുന്നു മോഹമാ-
മന്ധകാര മിതകററി നില്ക്കയാം. 34

സ്നേഹമൂല മഭിലാഷ മൊന്നിനി-
ച്ചൊല്ലിടുന്നു:—ഭഗവൻ ദയാംബുധേ!
ആഹവത്തിനു തുനിഞ്ഞു പോന്നു ഞാൻ;
ഭൂതിമത്തരിപുനാശനം വ്രതം. 35

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

താതമൃത്യുപരിഖിന്നമാം പ്രജാ-
ജാതമിന്നു പലമട്ടുഴല്ക്കയാം
താപമാകെയകലക്കളഞ്ഞു സത്
പ്രീതിയേകുവതുമെൻെറ ധൎമ്മമാം. 36

മാമകീനസമ കൃത്യഭാരവും
ഞാനൊഴിച്ചു വരുവോളവും ഭവാൻ
ആമയം തടവിടാതെ വത്സയാ-
മീ മനോജ്ഞയെ വളൎത്തണം സുഖം. 37

ധൎമ്മ്യമായ കഥയും നിരന്തരം
ശൎമ്മദായക സുഭാഷിതങ്ങളും
രമ്യമായരുളി ബാലയെന്നപോൽ
ധൎമ്മമൂൎത്തിയവിടുന്നു കാക്കണേ. 38

എന്നുരച്ചു വസുധാധിപൻ പരം
മൗനമാൎന്നു, മുനിയും പ്രസന്നനായ്.
നിന്നു "ഹേ ഭഗിനി വാഴ്ക നമ്മൊടൊ-
ത്തൂനമെന്നിയിനി" യെന്നു ചൊല്ലിനാൻ. 39

ആൎയ്യൻെറയാ സ്നേഹവു മാമുനീന്ദ്ര-
കാരുണ്യവും കണ്ടു തെളിഞ്ഞു മുററും.
ഈടുററ ദുഃഖത്തെയടക്കിരാജ്യ-
ശ്രീദേവി തദപാണി സമാദരിച്ചു. 40

ഭദന്ത സമ്മാനിതമായ് സ്ഫുരത്താം
"മന്ദാകിനീ" മാല ധരിക്കെ ഹൎഷൻ
സന്തപ്തലോകത്തെ സമുദ്ധരിക്കാൻ
പോകുന്ന പുണ്യപ്രഭ പോൽ വിളങ്ങി, 14

കൃതാൎത്ഥനായ് സോദരി യൊത്തുഭൂപൻ
സാചാൎയ്യനായ് സാനുഗനായമന്ദം
ഗംഗാസരിത്തീര നിവിഷ്ടസേനാ
നിവേശമാൎന്നാനഥ സാംയുഗീനൻ. 42

ഭൂരിപ്രേമ മിയന്നുവന്ന നൃവരശ്രേണിക്കു
ചിത്തോൽസുകം
ഭൂയസ്സായിയല്പംപ്രകാര മവനീ നാഥൻപരം
സ്നിഗ്ദ്ധനായ്,
സാരജ്ഞൻ നിജസോദരീചരിതവും മററും
കഥിച്ചങ്ങിനെ
സ്സായംകാലവു മങ്ങണഞ്ഞു രവിയും
ചെന്നാണ്ടു വാരാശിയിൽ. 43

പാരം തപ്തദിശാവധുക്കളഹിതന്മാരാ-
ലപാകൃഷ്ടരായ്
തീരാസ്ത്വാൻ കൃതമായൊരാ ച്ചിതയിലെ ത്തീ-
ജ്വാല വ്യാപിച്ചപോൽ
ആ രക്തദ്യുതി കൊണ്ടു വിണ്ടലമഹോ
രാജിച്ചു ഭൂവിങ്കലും
പാരാതാപ്രഭ ത്തൂവിവീണു വിലസീ തേജോ-
മയം ഭാസുരം. 44

ക്ഷത്രശ്രീയൊടു വൻ പുകൾപ്പൊലിമയും
പൂണ്ടുള്ള ഭൂപാലനിൽ
വിശ്വാസത്തൊടു പൂൎവ്വ ഭൂമിവലയം സഖ്യം
കൊതിച്ചാദരാൽ
സംത്രാണത്തിനിരക്കുവാൻ പ്രഹിതനാം
ദൂതൻ കണക്കൈന്ദ്രയാം
ദിക്കിൽത്തുമ്മുകലന്ന കാന്തി തടവി ദീപിച്ചു
വാൎത്തികകളും. 45

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ശ്രീഹർഷൻ

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

ഗ്രന്ഥകർത്താ,

**കെ. ഗംഗാധരനുണ്ണി.**

---

പ്രസാധകർ,

SUVARNA BOOK DEPOT
KAYANCULAM

9544
E925

1-ാം പതിപ്പ് കാപ്പി 500.

**Prited at The S. R. P. Press,**
KAYAMKULAM.

1123.

Indic Digital Archive Foundation
gpura.org